19p

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964.

Tuesday the 28th January, 1964

Vol. XVIII **OFFICIAL REPORT** **No. 2**

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 28th January, 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Mr. Speaker : Order, order, Question No. 1, Mr. C. K. Balakrishnan. Questions Nos. 3, 10, 14, 28 and 48 may also be answered along with this.

സ്റ്റേറ്റു കാർ മുട്ടി പരുക്കുപറ്റിയവർ

* 1 [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1963 ഡിസംബർ 8–ാം തീയതി തൃശ്ശൂർ ടൗണിൽവച്ചു ഒരു സ്റ്റേറ്റുകാർ മുട്ടിയതിന്റെ ഫലമായി ആക്കെങ്കിലും പരുക്കേറ്റിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആക്കെല്ലാം ;

(സി) അവരുടെ ഇപ്പോഴത്തെ സ്ഥിതി എന്തു് ;

(ഡി) ആ കാർ ഡ്രൈവു് ചെയ്തിരുന്നതാരു് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) മൂന്നു പേർക്കു പരുക്കേറ്റു. എന്നാൽ സ്റ്റേറ്റു കാർ ആരേയും മുട്ടിയിട്ടില്ല.

(ബി) വേലായുധൻ, മേരി, റൂബി.

(സി) വേലായുധൻ തൃശ്ശൂർ ഡിസ്ട്രിക്ട് ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കുന്നു. അയാളുടെ സ്ഥിതി പുരോഗമിച്ചു വരുന്നുണ്ട്. മേരിയേയും റൂബിയേയും ചികിത്സാനന്തരം ആശുപത്രിയിൽനിന്നും വിട്ടയച്ചു.

(ഡി) ശ്രീ. പി. ടി. ചാക്കോ.

സ്റ്റേറ്റ് കാർ അപകടം

* 2. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8-12-1963-ന് തൃശ്ശൂർവച്ച് ആഭ്യന്തരമന്ത്രിയുടെ കാർ മുട്ടി അപകടം സംഭവിച്ചതിനെ സംബന്ധിച്ച കേസ് എന്നു് രജിസ്റ്റർ ചെയ്തു ; അതിന്റെ ഇപ്പോഴത്തെ നില എന്ത് ;

(ബി) ഈ സംഭവത്തോടനുബന്ധിച്ച് കേരളത്തിലെ പത്രങ്ങളും പ്രതിപക്ഷ പാർട്ടികളും എന്തെങ്കിലും ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേ സംബന്ധിച്ച് ഗവണ്മെന്റ് എടുത്ത നടപടികൾ എന്ത് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ)

(എ) 8-12-1963-ൽ ക്രൈം നമ്പർ 225/63, എം. എസ്. 337 ഐ. പി. സി. എന്ന കേസ് തൃശ്ശൂർ ടൗൺപോലീസ് രജിസ്റ്റർ ചെയ്തു. അത് അന്വേഷണത്തിൽ ഇരിക്കുന്നു.

(ബി, സി) ഭാവനക്കനുസരണമായി ഓരോന്നു എഴുതുകയും പറയുകയും ചെയ്തിട്ടുണ്ട്. ഗവണ്മെന്റു ഒരു നടപടിയും സ്വീകരിച്ചില്ല.

സ്റ്റേറ്റുകാർ മുട്ടി പരുക്കു പറ്റിയവർ.

* 3. [10] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർ മാസത്തിൽ തൃശ്ശൂർ ലൂർദ്പള്ളിക്കു സമീപം വച്ച് സ്റ്റേറ്റുകാർ ഇടിച്ചു പരുക്കുപറ്റിയ 3 ആളുകളെ ആശുപത്രിയിലാക്കുകയുണ്ടായോ ;

(ബി) അവർ എത്ര ദിവസംവീതം ആശുപത്രിയിൽ കിടന്നു ;

(സി) ഇപ്പോഴും അവരുടെ ആരോഗ്യസ്ഥിതിയെന്താണു് ;

(ഡി) അപകടം സംഭവിച്ചവർക്ക് ഗവണ്മെന്റിൽനിന്നും എന്തെങ്കിലും സാമ്പത്തികസഹായം നൽകുകയുണ്ടായോ ;

(ഈ) പ്രസ്തുത കാറപകടസമയത്തു് ആ കാർ ഡ്രൈവു ചെയ്തിരുന്നതാരായിരുന്നു ;

(എഫ്) ഇതു സംബന്ധിച്ച് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ ;

(ജി) കോടതിയിൽ എഫ്. ഐ. ആർ. കൊടുത്തതും ചാർജ്ജുഷീറ്റു കൊടുത്തതും എന്നാണു് ;

(എച്ച്) സ്റ്റേറ്റുകാർ എന്താവശ്യത്തിനു് എവിടേയ്ക്കു പോവുകയായിരുന്നു ;

(ഐ) പ്രസ്തുത അപകടം നിമിത്തം കാറിനു് എന്തു കേടു സംഭവിച്ചു ; തൻമൂലമുള്ള നഷ്ടമെത്ര ?

LIBRARY ARCHIVES Kerala Legislative Assembly